# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 656 — 12.06.2013-ൽ മറുപടിക്ക്

## ആരോഗ്യ വകപ്പിലെ കാലോചിത ജോലി ക്രമീകരണം

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ :

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകപ്പമന്ത്രി)

(എ) പുതിയ ഹെൽത്ത് കോഡ് നിലവിൽ വരുന്ന സാഹചര്യത്തിൽ കാലഹരണപ്പെട്ട ഭവന സന്ദർശന പരിപാടികളിലും മറ്റും കാലോചിതമായി മാറ്റം വരുത്തി ജീവിതശൈലീ രോഗങ്ങൾ, പാലിയേറ്റീവ് കെയർ, പ്രതിരോധ കുത്തിവയ്പുകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കത്തക്ക വിധത്തിൽ ജോലി ക്രമീകരണം നടത്തുന്നതിന് തയ്യാറാകുമോ ;

(എ) പാലിയേറ്റീവ് കെയർ, ജീവിതശൈലീരോഗ ക്ലിനിക്കുകൾ, പ്രതിരോധ കുത്തിവയ്പുകൾ എന്നിവ ഇപ്പോൾ തന്നെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രധാന ജോലികളിൽപെടുന്നു. ദൈനംദിന ജോലികളെ ഇതു ബാധിക്കാതിരിക്കാൻ ആഴ്ചയിൽ ഒരു ദിവസം വീതം ക്രമീകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ജീവിത ശൈലീരോഗങ്ങൾ, സാന്ത്വന പരിചരണം, പ്രതിരോധ കുത്തിവയ്പുകൾ എന്നിവ വിജയകരമായി നടപ്പാക്കുന്നതിന് ഏതെല്ലാം നടപടികളാണ് പുതിയതായി എടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

(ബി) ജീവിത ശൈലീരോഗ ക്ലിനിക്കുകൾ സംസ്ഥാനത്തെ എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്റർ, സാമൂഹികാരോഗ്യ ഉപകേന്ദ്രം വരെ വ്യാപിപ്പിച്ചിട്ടുണ്ട്. ആഴ്ചയിൽ ഒരു ദിവസം നടക്കുന്ന ജീവിത ശൈലീരോഗ ക്ലിനിക്കുകളിൽ 30 വയസ്സിനു മുകളിലുള്ള എല്ലാ ജനങ്ങളുടെയും രക്തത്തിലെ ഷുഗർ, രക്തസമ്മർദ്ദം, ബോഡി മാസ് ഇൻഡക്സ് എന്നിവ നിരീക്ഷിച്ചു വരുന്നു. രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധ ചികിത്സയും സൗജന്യ മരുന്നും ഉറപ്പാക്കുകയും ചെയ്തുവരുന്നു. സാന്ത്വന പരിചരണത്തിനായി എല്ലാ പി.എച്ച്.സി. കളിലും ഒരു പാലിയേറ്റീവ് കെയർ നേഴ്സിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഭവന സന്ദർശനം ഊർജ്ജിതമായി നടക്കുന്നു. എല്ലാ പഞ്ചായത്തുകളിലും ഒരു പാലിയേറ്റീവ് കെയർ യൂണിറ്റ് എന്ന നിർദ്ദേശവും ഈ സർക്കാരിന്റെ കാലയളവിലാണ് നിർബന്ധമാക്കിയത്.

സെക്ഷൻ ഓഫീസർ